# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>'മദ്യവിമുക്ത കേരളം' സമഗ്ര ബോധവത്കരണ ക്യാമ്പയിൻ</u>

6117 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'മദ്യവിമുക്ത കേരളം' എന്ന ലക്ഷ്യം വെച്ച് സ്കൂൾ - കോളേജുകളിൽ നടത്തുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച സമഗ്ര ബോധവത്കരണ ക്യാമ്പയിൻ ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്യാമ്പയിൻ നടത്തുന്നതിന് പാലക്കാട് ജില്ലയിൽ ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതിനായി പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കോങ്ങാട് മണ്ഡലത്തിൽ എല്ലാ സ്കൂളുകളിലും ഈ ക്യാമ്പയിൻ നടത്തുന്നതിന് നടപടി സ്വീകരിച്ചോ; എങ്കിൽ വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**09.07.2013-ലെ മറുപടിക്ക്**

<u>വര്‍ദ്ധിച്ചുവരുന്ന മദ്യപാന ശീലം</u>

6118 ശ്രീ. ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജനങ്ങളില്‍ മദ്യപാനം വര്‍ദ്ധിച്ചുവരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ കാരണങ്ങള്‍ കണ്ടെത്തുന്നതിനായി പഠനം നടത്തിയിട്ടുണ്ടോ;

(സി) വ്യാജമദ്യനിര്‍മ്മാണവും വില്‍പനയും തടയുന്നതിന് എക്സൈസ് വകുപ്പിന്റെ പ്രവര്‍ത്തനം കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കില്‍, എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>ഉത്സവ ദിനങ്ങളിലെ അമിതമായ മദ്യവിൽപന</u>

6119 ഡോ. ടി. എം. തോമസ് ഐസക്
ശ്രീമതി കെ. കെ. ലതിക
ശ്രീ. പി. റ്റി. എ. റഹീം
'' റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാനമായിട്ടുള്ള ആഘോഷങ്ങളും ഉത്സവങ്ങളും അടുത്ത കാലത്തായി മദ്യോത്സവങ്ങളായി മാറിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രമുഖ ഉത്സവ ദിനങ്ങളിൽ മദ്യ വിൽപന സാധാരണ ദിനങ്ങളേക്കാൾ കൂടുതലാണോ;

(സി) കഴിഞ്ഞ ഓണം, പെരുന്നാൾ, ക്രിസ്തുമസ്, വിഷു തുടങ്ങിയ മലയാളികളുടെ ഉത്സവങ്ങളോടനുബന്ധിച്ചുള്ള ഓരോ ഒരാഴ്ചയും ബിവറേജസ് കോർപ്പറേഷൻ വഴി വിറ്റഴിക്കപ്പെടുന്ന മദ്യത്തിന്റെ അളവും വരുമാനവും സംബന്ധിച്ച് വിശദമാക്കാമോ; ഇവ കഴിഞ്ഞ അഞ്ചു വർഷം മുമ്പുള്ളതിന്റെ എത്ര ശതമാനം കണ്ട് കൂടുതലാണ്; ലഭ്യമായ കണക്കുകൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>മദ്യത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് കെമിക്കൽ ലാബുകൾ</u>

6120 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും, വ്യാജമദ്യം കണ്ടെത്തുന്നതിനും, പിടിച്ചെടുത്ത മദ്യങ്ങൾ പരിശോധിക്കുന്നതിനുമായുള്ള കെമിക്കൽ ലാബുകൾ എക്സൈസ് വകുപ്പിന്റെ കീഴിൽ ആവശ്യത്തിനില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്ത് 3 റീജിയണുകളിലായി ഓരോ കെമിക്കൽ ലാബുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>അനധികൃത മദ്യം/സ്പിരിറ്റ് കടത്തൽ</u>

6121 ശ്രീ. വി. ഡി. സതീശൻ
'' വർക്കല കഹാർ
'' പി. എ. മാധവൻ
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അനധികൃത മദ്യം കടത്തിക്കൊണ്ടു വരുന്നത് തടയുവാൻ അതിർത്തികളിൽ പ്രത്യേക പരിശോധന സംഘത്തെ എക്സൈസ് വകുപ്പ് നിയോഗിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) അന്യസംസ്ഥാനത്ത് നിന്നും വ്യാജമദ്യം/സ്പിരിറ്റ് എന്നിവ കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിനായി എത്ര എക്സൈസ് സ്ക്വാഡുകൾക്ക് രൂപം നൽകിയിട്ടുണ്ട്;

(സി) ഇതിനായി അയൽ സംസ്ഥാന സർക്കാരുകളുമായി ഉന്നത തലത്തിൽ ബന്ധപ്പെടാറുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതിനായി എക്സൈസ് ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>വിദേശ നിർമ്മിത മദ്യം</u>

6122 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിദേശ നിർമ്മിത മദ്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

മദ്യം സ്റ്റോക്ക് ചെയ്യുന്നതിനും, വിതരണം ചെയ്യുന്നതിനും ലൈസൻസ്

6123 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര എക്സൈസുകൾക്ക് മദ്യം സ്റ്റോക്ക് ചെയ്യുന്നതിനും, വിതരണം ചെയ്യുന്നതിനും ലൈസൻസ് നൽകിയിട്ടുണ്ട്; അവയുടെ പേര് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ സർക്കാർ ബാർ ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണ; ഇപ്പോൾ എത്രയായാണ് വർദ്ധിപ്പിച്ചിട്ടുളളത്;

(സി) മദ്യ ഉപഭോഗം കുറയ്ക്കുന്നതിനായി ബാറുകളുടെ എണ്ണം കുറയ്ക്കുന്നതിനു പകരം ഇവയുടെ എണ്ണം വർദ്ധിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>എക്സൈസ് സേനയ്ക്ക് പരിശീലനം</u>

6124 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' ഷാഫി പറമ്പിൽ
'' ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് സേനയ്ക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എക്സൈസ് നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച് ഉദ്യോഗസ്ഥൻമാർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി ഇൻ സർവ്വീസ് പരിശീലനം നല്കുന്നുണ്ടോ;

(സി) എക്സൈസ് ഉദ്യോഗസ്ഥൻമാരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം പ്രസ്തുത വകുപ്പിൽ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) എക്സൈസ് സേനയുടെ കൃത്യനിർവ്വഹണം നിരീക്ഷിക്കുവാൻ ഉന്നത തല സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

<u>മദ്യദുരന്തത്തെക്കുറിച്ച് അന്വേഷിക്കാൻ കമ്മീഷൻ</u>

6125 ശ്രീ.കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-ൽ മലപ്പുറം ജില്ലയിൽ നടന്ന മദ്യദുരന്തത്തെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിച്ചിരുന്ന ജ.രാജേന്ദ്രൻ നായർ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;എങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) കമ്മീഷനും സ്റ്റാഫിനും റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ ശമ്പളവും ബത്തയും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) കമ്മീഷനും, സ്റ്റാഫിനുമുള്ള ശമ്പളമുൾപ്പടെയുള്ള ആനുകൂല്യങ്ങൾ എത്രയും പെട്ടെന്ന് നല്കാൻ അടിയന്തിര നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>കഞ്ചാവ് വിൽപ്പന തടയാൻ നടപടി</u>

6126 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഞ്ചാവ് വിൽപന നടത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) എത്ര കിലോ കഞ്ചാവാണ് പിടിച്ചെടുത്തിട്ടുള്ളത്;

(സി) കഞ്ചാവ് വിൽപനയും വിതരണവും കൂടിവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, ഇതു തടയുന്നതിന് കർശന നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**09.07.2013-ലെ മറുപടിക്ക്**

<u>ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ആരോഗ്യ വകുപ്പ് ജീവനക്കാർ</u>

6127 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ആരോഗ്യവകുപ്പിൽനിന്നും എത്ര ജീവനക്കാർ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം തസ്തികകളിൽനിന്നാണ് പ്രസ്തുത ജീവനക്കാർ ഡെപ്യൂട്ടേഷനിൽ വന്നിട്ടുള്ളതെന്ന വിവരം നൽകുമോ?

## കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പഠന റിപ്പോർട്ട്

6128 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകരിച്ച റ്റി.ഒ.ആർ. പ്രകാരമുള്ള പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, അതിന്റെ കോപ്പി ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>കായിക്കര പാലം നിർമ്മാണം</u>

6129 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വക്കം ഗ്രാമപഞ്ചായത്തിനേയും അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മാണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു തുകയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്;

(സി) ഇതിന്മേലുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ സുരക്ഷ</u>

6130 ശ്രീ. കെ. എം. ഷാജി
'' പി. ബി. അബ്ദുൾ റസാക്
'' കെ. എൻ. എ. ഖാദർ
'' അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലിൽ മത്സ്യബന്ധനത്തിനു പോകുന്നവരുടെ സുരക്ഷയ്ക്ക് ഒരുക്കിയിട്ടുള്ള ആധുനിക സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി മത്സ്യബന്ധനത്തിലേർപ്പെടുന്നവരുമായി മുഴുവൻ സമയം ബന്ധപ്പെടാൻ കഴിയുന്ന തരത്തിൽ സമ്പൂർണ്ണ വയർലെസ് സംവിധാനമോ, മൊബൈൽ കണക്ടിവിറ്റി സംവിധാനമോ ഏർപ്പെടുത്താനായിട്ടുണ്ടോ;

(സി) കപ്പലുകളുമായുള്ള കൂട്ടിയിടി ഒഴിവാക്കാൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട്</u>

6131 ശ്രീ. എം. എ. ബേബി
'' കെ. രാധാകൃഷ്ണൻ
ശ്രീമതി കെ. എസ്. സലീഖ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾ ഉള്ളതായി സർക്കാരിനറിയാമോ;

(ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കാനുള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ തയ്യാറാകുമോ;

(സി) ഭൂരഹിതരും, ഭവനരഹിതരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ എത്രയുണ്ട്; ഇവർക്ക് വീട് ലഭ്യമാക്കാനുള്ള പദ്ധതികൾ ഏതൊക്കെയാണ്; സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും എന്നത്തേക്ക് വീടുകൾ ലഭ്യമാക്കാൻ സാദ്ധ്യമാകും;

(ഡി) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവനനിർമ്മാണ പദ്ധതി പ്രകാരമുള്ള ഗ്രാന്റ് തുക രണ്ടു ലക്ഷമായി വർദ്ധിപ്പിച്ചതിനുശേഷം, ഗുണഭോക്താക്കളുടെ എണ്ണത്തിനനുസൃതമായി മൊത്തം ഗ്രാന്റ് വർദ്ധിപ്പിച്ച് കിട്ടിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>ദേശീയ മത്സ്യത്തൊഴിലാളി ഭവന പദ്ധതി</u>

6132 ശ്രീ. കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, എം. എ. വാഹീദ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ മത്സ്യത്തൊഴിലാളി ഭവന പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ഭവനങ്ങൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതിക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ട്; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

## കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യ വിതരണം</u>

6133 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വിവിധ പദ്ധതികളിലായി ആനുകൂല്യവിതരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി വിതരണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) എത്ര കോടി രൂപയാണ് ഇതുവഴി നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

<u>മൽസ്യഫെഡ് വഴി ആനുകൂല്യ വിതരണം</u>

6134 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, സി. പി. മുഹമ്മദ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൽസ്യഫെഡ് വഴി വിവിധ ആനുകൂല്യ വിതരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി വിതരണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) എത്ര കോടി രൂപയാണ് ഇതു വഴി നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**09.07.2013-ലെ മറുപടിക്ക്**

<u>മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ ഡീസൽ എൻജിനുകൾ</u>

6135 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡിയോടെ ഡീസൽ എഞ്ചിനുകൾ നൽകുന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പദ്ധതിക്കായി എന്തു തുക നീക്കിവച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം?

## കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി</u>

6136 ശ്രീ. എൻ. എ നെല്ലിക്കുന്ന്
,, സി. മമ്മുട്ടി
,, റ്റി. എ. അഹമ്മദ് കബീർ
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനം സാദ്ധ്യമല്ലാത്ത കാലയളവിൽ മത്സ്യമേഖലയിലെ ജനങ്ങൾക്ക് ഉപജീവനസഹായം നൽകുന്നതിന് എന്തു പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നതിന്റെ വിശദവിവരം നൽകാമോ;

(ബി) ഇവർക്കായുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയ്ക്കായി പ്രതിവർഷം എന്തു തുക സർക്കാർ അടയ്ക്കുന്നുണ്ട്?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>മത്സ്യമേഖലയുടെ വികസനത്തിനായി പദ്ധതികൾ</u>

6137 ശ്രീ. ഇ. പി. ജയരാജൻ
,, സി. കെ. സദാശിവൻ
,, പുരുഷൻ കടലുണ്ടി
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷത്തെ ബഡ്ജറ്റുകളിൽ മത്സ്യമേഖലയുടെ വികസനവും മത്സ്യത്തൊഴിലാളി ക്ഷേമവും മുൻനിർത്തി പ്രഖ്യാപിച്ച പദ്ധതികൾ എന്തെങ്കിലും നടപ്പാക്കിയിട്ടുണ്ടോ ;

(ബി) നടപ്പാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണ്; വിശദമാക്കാമോ ; ഓരോ ബഡ്ജറ്റിലും എന്തു തുക വീതം വകയിരുത്തപ്പെട്ടു ; ചെലവഴിക്കപ്പെട്ടത് എത്ര ;

(സി) പ്രസ്തുത ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ ലക്ഷ്യവും നേട്ടവും വിശദമാക്കാമോ ?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>മൽസ്യലഭ്യത കുറവായ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് വരുമാന ലഭ്യത ഉറപ്പു വരുത്തുവാൻ പദ്ധതി</u>

6138 ശ്രീ. കെ.അച്ചുതൻ
,, പി.എ.മാധവൻ
,, പാലോട് രവി
,, സി.പി.മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൽസ്യലഭ്യത കുറവായ പഞ്ഞ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് വരുമാന ലഭ്യത ഉറപ്പു വരുത്തുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിക്കായി എന്തു തുക നീക്കി വച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

<u>ആധുനിക മത്സ്യ മാർക്കറ്റുകൾ</u>

6139 ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, പി. എ. മാധവൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതിക്കായി എന്തു തുക നീക്കിവച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം?

# കേരള നിയമസഭ
# 09.07.2013–ലെ മറുപടിക്ക്

ആധുനിക ശുചിത്വ മൽസ്യ മാർക്കറ്റുകൾ

6140 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, വി.ഡി. സതീശൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനിക ശുചിത്വ മൽസ്യ മാർക്കറ്റുകൾ ആരംഭിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിക്കായി എന്തു തുക നീക്കിവച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

ഫിഷ് മാർക്കറ്റിംഗ് സെന്ററുകളുടെ വികസനം

6141 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡുപ്രകാരം ഫിഷ് മാർക്കറ്റിംഗ് സെന്ററുകൾ വികസിപ്പിക്കുന്നതിനായി എത്ര തുക ലഭ്യമായിട്ടുണ്ട്;

(ബി) ഫിഷ് മാർക്കറ്റിംഗ് സെന്ററുകളുടെ വികസനം എന്ന പദ്ധതി കൊണ്ടുദ്ദേശിക്കുന്നത് എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചു കഴിഞ്ഞുവോ;

(ഡി) കണ്ണൂർ ജില്ലയിൽ നിന്നും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഫിഷ് മാർക്കറ്റിംഗ് സെന്ററുകൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>മത്സ്യതൊഴിലാളി മേഖലയുടെ ഉയർച്ചയ്ക്കായി നടപടികൾ</u>

6142 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യതൊഴിലിലും അനുബന്ധ തൊഴിലിലും ഏർപ്പെട്ടിരിക്കുന്നതും മത്സ്യത്തൊഴിലാളി കുടുംബമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ എത്ര മത്സ്യതൊഴിലാളികൾ ഉണ്ട് എന്നതിന് സ്ഥിതിവിവരകണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) കടലോര മേഖലയിലെ ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ;

(സി) ഉപരിപഠന മേഖലയിലേയ്ക്ക് മത്സ്യതൊഴിലാളി സമൂഹത്തിൽ നിന്നും ആരും ഉയർന്നു വരുന്നില്ല എന്നത് മനസ്സിലാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; അതിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ ക്ഷേമപദ്ധതികൾ എന്തെല്ലാം; ഇതു വഴി മത്സ്യതൊഴിലാളികൾക്ക് ലഭിച്ച നേട്ടങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ</u>

T-6143 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാനത്ത് എന്തെങ്കിലും ക്ഷേമ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ക്ഷേമപദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ആഫീസുകൾ മുഖേനയാണ് സഹായം വിതരണം ചെയ്യുന്നത്;

(ഡി) എത്ര മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും എത്ര രൂപയുടെ ധനസഹായം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; പാലക്കാട് ജില്ലയിലെ കണക്ക് പ്രത്യേകം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>വിദേശ ട്രോളറുകളുടെ അനധികൃത മത്സ്യബന്ധനം</u>

6144 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൺസൂൺ കാലത്ത് ബോട്ടുകൾക്ക് മത്സ്യബന്ധനനിരോധനം ഏർപ്പെടുത്തുമ്പോൾ വിദേശ ട്രോളറുകൾ നിയന്ത്രണമില്ലാതെ ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്നതുവഴി മത്സ്യസമ്പത്ത് വൻതോതിൽ കുറവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>അലങ്കാരമത്സ്യങ്ങളുടെ വിപണനവും പ്രചാരണവും</u>

6145 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലിൽ നിന്നും ലഭിക്കുന്ന അലങ്കാര മത്സ്യങ്ങളുടെ വിപണനത്തിനും പ്രചാരണത്തിനുമായി കൈക്കൊണ്ടിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) അലങ്കാരമത്സ്യകൃഷി മേഖലയിലുള്ളവർക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>മത്സ്യ തൊഴിലാളി പെൻഷൻ സംബന്ധിച്ച പരാതികൾ</u>

6146 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോർ ബാങ്കിംഗ് അക്കൗണ്ട് നിർബന്ധമാക്കിയതോടെ അർഹരായ മത്സ്യ തൊഴിലാളികൾക്ക് പെൻഷൻ നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പെൻഷൻ നിഷേധിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ക്ഷേമനിധി ഓഫീസുകളിൽ തീർപ്പാവാതെ കെട്ടിക്കിടപ്പുണ്ട് എന്നത് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>സ്വന്തമായി വീടില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾ</u>

6147 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ എത്ര മത്സ്യഗ്രാമങ്ങൾ ഉണ്ടെന്നും ഇവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; ഇവിടെയുള്ള എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല എന്ന് വ്യക്തമാക്കാമോ; ഇവർക്ക് എപ്പോൾ വീട് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ ധനസഹായം</u>

6148 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ ഭവന നിർമ്മാണ പദ്ധതികളിലായി എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്; ധനസഹായം ലഭിച്ചത് ആർക്കെല്ലാം; പേരും വിലാസവും വിശദമാക്കി മത്സ്യഗ്രാമം തിരിച്ച് പട്ടിക ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ധനസഹായത്തിന് പരിഗണിച്ച ലിസ്റ്റിൽ നിന്ന് ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണവും, ഒഴിവാക്കിയത് ആരെയെല്ലാം എന്നും വിലാസം സഹിതം വിശദമാക്കാമോ;

(സി) പ്രസ്തുത ആനുകൂല്യ വിതരണത്തിന്റെ പുരോഗതിയും എത്ര പേർക്ക് ധനസഹായം ലഭ്യമായി എന്നും ലഭ്യമായത് ആർക്കെല്ലാം എന്നും വ്യക്തമാക്കാമോ;

(ഡി) കൊയിലാണ്ടി മണ്ഡലത്തിൽ ഭവന രഹിതരായ എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ട് എന്നും അവർ ആരെല്ലാം എന്നതും പേര്, വിലാസം എന്നിവ വിശദമാക്കി മത്സ്യഗ്രാമം തിരിച്ച് വിശദമാക്കാമോ;

(ഇ) ഭവന രഹിതരായ ഇവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

## 09.07.2013-ലെ മറുപടിക്ക്

<u>മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഫിഷ് മാർക്കറ്റ് നവീകരണം</u>

6149 ശ്രീ.ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷ് മാർക്കറ്റുകൾ നവീകരിച്ച് ആധുനികവൽക്കരിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണു നിലവിലുള്ളത്;

(ബി) പദ്ധതി നടപ്പിലാക്കുന്നത് ഏത് ഏജൻസി മുഖേനയാണ്;

(സി) 2011-2012 ലും 2012-2013 ലും ഈ പദ്ധതിയിൽ എത്ര തുക വീതമാണു ചെലവഴിച്ചത്;

(ഡി) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മട്ടന്നൂർ നഗരസഭയിലെ ഫിഷ്മാർക്കറ്റ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ;

(ഇ) എപ്പോഴാണ് നിവേദനം ലഭിച്ചത്;

(എഫ്) ഈ നിവേദനത്തിൻമേൽ എന്തു നടപടിയാണു സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

**കേരള നിയമസഭ**
**09.07.2013–ലെ മറുപടിക്ക്**

<u>ഫിഷ്ലാന്റിംഗ് സെന്ററുകളുടെ നവീകരണത്തിന് പദ്ധതി</u>

6150 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എം. പി. വിൻസെന്റ്
,, ആർ. സെൽവരാജ്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിക്കായി എന്തു തുക നീക്കി വച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>കോട്ടിക്കുളം - ബേക്കൽ മത്സ്യബന്ധന ഹാർബർ</u>

6151 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കോട്ടിക്കുളം - ബേക്കൽ മത്സ്യബന്ധന ഹാർബർ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സ്ഥലം എം.എൽ.എ മുഖേന കോട്ടിക്കുളം - ബേക്കൽ ഹാർബർ ആക്ഷൻ കമ്മിറ്റി നൽകിയ ഹർജിയിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

മത്സ്യതൊഴിലാളി കടാശ്വാസ കമ്മീഷൻ

6152 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യതൊഴിലാളി കടാശ്വാസ കമ്മീഷൻ വഴി മത്സ്യത്തൊഴിലാളികളുടെ കടം എഴുതിത്തള്ളുന്നതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള അപേക്ഷകളുടെ നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ;

(ബി) തൊഴിലാളികളുടെ വായ്പാ കുടിശ്ശിക അടച്ചാൽ മാത്രമേ കടം എഴുതിത്തള്ളുവെന്ന നിബന്ധന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

## കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലയിൽ മാതൃകാ മത്സ്യഗ്രാമം പദ്ധതി

6153 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിൽ മാതൃകാ മത്സ്യഗ്രാമം പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുള്ള ഗ്രാമങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലയിലെ മത്സ്യസമൃദ്ധി പദ്ധതി

6154 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യ സമൃദ്ധി പദ്ധതിയിൽ ഏതെല്ലാം ജില്ലകളെയാണ് ഉൾപ്പെടുത്തിയിട്ടുളളത്;

(ബി) മത്സ്യ സമൃദ്ധി പദ്ധതിയിൽ ആലപ്പുഴ ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്കടിസ്ഥാനത്തിലുളള വിശദാംശം നൽകുമോ;

(സി) ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി നീക്കിവച്ച തുകയുടെ ജില്ലാതല വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ</u>

6155 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വൈപ്പിൻ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി പൂർത്തീകരിച്ച പ്രവൃത്തികളുടെയും പുതുതായി ആരംഭിച്ച പ്രവൃത്തികളുടെയും വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വകുപ്പ് ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തീരദേശ വികസന കോർപ്പറേഷൻ വഴി വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

മത്സ്യഭവനുകളുടെ പുന:സംഘടന

6156 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ തയ്യാറാക്കിയ മത്സ്യഭവനുകളുടെ പുന:സംഘടന പ്രൊപ്പോസലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) ആവശ്യത്തിന് ജീവനക്കാരില്ലാത്തത് കാരണം മത്സ്യഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

**കേരള നിയമസഭ**
**09.07.2013-ലെ മറുപടിക്ക്**

<u>മത്സ്യഫെഡ് വഴി മണ്ണെണ്ണ വിതരണം</u>

6157 ശ്രീ. പി. തിലോത്തമൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ അർഹരായ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ് നൽകിത്തുടങ്ങിയിട്ടുണ്ടോ, ഇല്ലെങ്കിൽ എന്നു മുതൽ നൽകിത്തുടങ്ങുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് വഴി മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള എന്തെങ്കിലും നടപടികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>ഹൈസ്പീഡ് മറൈൻ എക്സ്പ്രസ് ഹൈവേ</u>

6158 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈസ്പീഡ് മറൈൻ എക്സ്പ്രസ് ഹൈവേ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ നിർവഹണച്ചുമതല ആർക്കാണ്;

(സി) പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഡി) മത്സ്യബന്ധനത്തെ പദ്ധതി ഏത് രീതിയിൽ ബാധിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**09.07.2013-ലെ മറുപടിക്ക്**

<u>മറൈൻ ആംബുലൻസ്</u>

6159 ശ്രീ.എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറൈൻ ആംബുലൻസ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് ഇത്തരത്തിലുള്ള ആംബുലൻസ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി ആരോഗ്യ വകുപ്പിന്റെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>കല്യാശ്ശേരി മണ്ഡലത്തിലെ കോസ്റ്റൽ ഏരിയയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകൾ</u>

6160 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 – 14 ബഡ്ജറ്റിൽ കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; പ്രസ്തുത തുക ഏതൊക്കെ ഇനത്തിൽ ഉൾപ്പെടുത്തി വിനിയോഗിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് കോസ്റ്റൽ ഏരിയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>തീര വികസന കോർപ്പറേഷൻ ലക്ഷ്യമിട്ടതും പ്രഖ്യാപിച്ചിട്ടുള്ളതുമായ പദ്ധതികൾ</u>

6161 ശ്രീ. ബി. സത്യൻ
'' എ. എം. ആരിഫ്
'' ബാബു എം. പാലിശ്ശേരി
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തീര വികസന കോർപ്പറേഷൻ ലക്ഷ്യമിട്ടതും പ്രഖ്യാപിച്ചിട്ടുള്ളതുമായ പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രഖ്യാപിത പദ്ധതികളിൽ ഇനിയും നടപ്പിലാക്കാൻ സാധ്യമായിട്ടില്ലാത്തവ ഏതൊക്കെ; വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാർ, എൻ.എഫ്.സി.ബി, നബാർഡ്, വാണിജ്യ ബാങ്കുകൾ, ദേശീയധനസഹായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് സ്വരൂപിക്കാൻ ലക്ഷ്യമിട്ട തുകയും പദ്ധതികളും സംബന്ധിച്ച് വിശദമാക്കാമോ; ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങൾ വെളിപ്പെടുത്താമോ;

(ഡി) മത്സ്യത്തൊഴിലാളി മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ക്ഷേമപ്രവർത്തനങ്ങൾക്കുമായി എത്ര കോടി രൂപയുടെ പദ്ധതിയായിരുന്നു 2012-13 ൽ ലക്ഷ്യമിട്ടത്; ആ വർഷം എത്ര ശതമാനം തുക ചെലവഴിച്ചു?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>തീരദേശ റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതി</u>

6162 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, എം. പി. വിൻസെന്റ്
,, വർക്കല കഹാർ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>അണക്കര വിമാനത്താവളം</u>

6163 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലെ നിർദ്ദിഷ്ട അണക്കര വിമാനത്താവളം നിർമ്മാണത്തിന് എത്ര ഏക്കർ സ്ഥലം ആവശ്യമുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര ഏക്കർ വയൽ പ്രദേശം ഉൾപ്പെടും; എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കണം; പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്;

(സി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>എല്ലാ ജില്ലകളിലും എയർ – സ്ട്രിപ്പുകൾ</u>

6164 ശ്രീ.കെ. കെ. ജയചന്ദ്രൻ
'' കെ. കുഞ്ഞമ്മത് മാസ്റ്റർ
'' രാജു എബ്രഹാം
'' കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളങ്ങൾ ഇല്ലാത്ത എല്ലാ ജില്ലകളിലും ചെറുവിമാനങ്ങളും ഹെലികോപ്ടറുകളും ഇറക്കുന്നതിനുള്ള എയർ–സ്ട്രിപ്പുകൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നോ;

(ബി) പ്രസ്തുത പ്രഖ്യാപനം നടത്തിയ വർഷം ഇതിനായി ബജറ്റിൽ എന്തു തുക വകയിരുത്തുകയുണ്ടായി; ചെലവഴിച്ച തുക എത്ര;

(സി) ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം സ്ഥലങ്ങളാണ് എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; എത്ര ഏക്കർ സ്ഥലം വീതം നിർമ്മാണം ആരംഭിക്കാവുന്ന നിലയിൽ സജ്ജമാക്കിയിട്ടുണ്ട്;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് ബേക്കലിൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ സ്ഥലത്ത് അതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>അവധിക്കാലങ്ങളിൽ വിമാനക്കമ്പിനികൾ അധിക യാത്രാ ചാർജ്ജ് ഈടാക്കുന്നതിനെതിരെ നടപടി</u>

T-6165 ശ്രീ.പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവധിക്കാലങ്ങളിൽ വിമാനകമ്പനികൾ യാത്രക്കാരിൽ നിന്ന് അധിക തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിമാനകമ്പനികൾ അന്യായമായ തുക യാത്രക്കാരിൽ നിന്ന് ഈടാക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എയർ കേരള നടപ്പിൽ വരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി യുടെ പുതിയ ഹാങ്ങർ യൂണിറ്റ് നിർമ്മാണം</u>

6166 ശ്രീ. എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ പുതിയ ഹാങ്ങർ യൂണിറ്റിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര കാലാവധിക്കുള്ളിൽ പൂർത്തിയാകും;

(ബി) നിർമ്മാണം പൂർത്തിയാക്കാനുള്ള തുക സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടോ;

(സി) അക്കാദമിക്ക് അനുവദിച്ച പുതിയ സെസ്ന വിമാനം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ഡി) എയർ ക്രാഫ്റ്റ് ജൂനിയർ മെക്കാനിക്/എയർക്രാഫ്റ്റ് മെക്കാനിക് വിഭാഗത്തിൽ എത്ര തസ്തിക നിലവിൽ ഉണ്ട്; ഇതിലേക്കായി നിയമനം നടത്താനുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കുമോ?